## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 491 — 18.05.2017-ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പിടിച്ചിട്ടും തുക കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അടക്കാത്തത് കാരണം ആനുകൂല്യം നിഷേധിച്ചതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സഹകരണ മേഖലയിൽ 01.04.2008 പ്രാബല്യത്തിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പിടിച്ചിട്ടും തുക കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അടക്കാത്തതിനാൽ ആനുകൂല്യം നിഷേധിച്ചതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വായ്പക്കാരന്റേതല്ലാത്ത കാരണത്താൽ റിസ്ക് ഫണ്ട് ആനുകൂല്യം നഷ്ടപ്പെട്ടാൽ സഹകരണ സംഘത്തിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലോസ് 13 (7) പ്രകാരം ഒരു സഹകരണ സംഘത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ സമിതിയും, ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന വ്യവസ്ഥ നിലവിലുണ്ട്. |

~~സെക്ഷൻ~~ ഓഫീസർ